## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*686. 04.04.2018-ൽ മറുപടി നൽകേണ്ടത്

**തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പദ്ധതിയുടെ കാര്യക്ഷമത**

| ചോദ്യം<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.ആർ. രാജേഷ്<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.ഡി.കെ. മുരളി | | മറുപടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | രാജ്യത്ത് നടപ്പിലാക്കിവരുന്ന നയങ്ങളുടെ ഫലമായി അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ എണ്ണം വർദ്ധിച്ച വരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പദ്ധതിയുടെ കാര്യക്ഷമത ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകത ഗൗരവമായി കാണുന്നുണ്ടോ; | (എ) | ഉണ്ട് . |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ശാസ്ത്രീയമായി പുന:സംഘടിപ്പിക്കുന്നതിനും ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ച വരുന്നതെന്ന് വെളിപ്പെടുത്തുമോ; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പുന:സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് 2018-19 അക്കാദമിക വർഷം മുതൽ ദേശീയ നൈപുണ്യ വികസന പദ്ധതി (എൻ.എസ് .ക്യൂ .എഫ് ) നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. |

| | |
|---|---|
| സി) സ്കൂൾ വിദ്യാഭ്യാസതലം മുതൽക്കേ പഠനത്തോടൊപ്പം അഭിരുചിയുള്ള തൊഴിൽ പരിശീലനവും ഒരുമിച്ച് കൊണ്ടുപോകുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ അതത് സ്കൂളുകളിൽ തന്നെ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | സി) 2013 ഡിസംബർ 28 ന് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം പുറപ്പെടുവിച്ച നോട്ടിഫിക്കേഷൻ പ്രകാരം 2018 ഡിസംബർ 27 നകം എല്ലാ സംസ്ഥാനങ്ങളും 9 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ (ലെവൽ 1 മുതൽ 4 വരെ) എൻ.എസ് ക്യു.എഫ് അധിഷ്ഠിത തൊഴിൽ നൈപുണ്യ വിദ്യാഭ്യാസം നടപ്പിലാക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്.ലെവൽ 1 ഒൻപതാം ക്ലാസ്സിലും,ലെവൽ 2 പത്താം ക്ലാസ്സിലും,ലെവൽ 3 ഹയർ സെക്കന്ററി ഒന്നാം വർഷത്തിലും ,ലെവൽ 4 ഹയർ സെക്കന്ററി രണ്ടാം വർഷത്തിലുമാണ് ബാധകം.സെക്കന്ററി/ഹയർ സെക്കന്ററി തലത്തിൽ ഉയർന്ന നിലവാരമുള്ള തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുക എന്ന ലക് ഷ്യം മുൻനിർത്തി ഡിമാൻഡ് അടിസ്ഥാനമാക്കിയുള്ള , മൊഡ്യൂളാർ വൊക്കേഷണൽ കോഴ്സുകൾ ഒൻപതാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാർഥികൾക്ക് ലഭ്യമാക്കുന്ന കേന്ദ്രാവിഷ് കൃത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.ഈ സ്കീമിനുള്ള മാതൃകാപരമായ കരിക്കുലം, പഠന സാമഗ്രികൾ എന്നിവ തയ്യാറാക്കുന്നതിന് ഭോപ്പാലിലെ പി.എസ്.എസ്.എസ്. സി.ഐ.വി.ഇ.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ